പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3670 — 20.06.2019 ൽ മറുപടിക്ക്

# കൽപ്പറ്റ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പി.എച്ച്.സി.കൾ

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്; ഈ ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വേങ്ങപ്പള്ളി പി.എച്ച്.സി യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ മേപ്പാടി, വാഴവറ്റ, സുഗന്ധഗിരി, കോട്ടത്തറ, പടിഞ്ഞാറത്തറ, പൊഴുതന എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപ വീതം അനുവദിച്ചു. ഇതിന്റെ അടിസ്ഥാന ത്തിലുള്ള നിർമ്മാണ പ്രവർത്തികൾ എൻ.എച്ച്.എം മുഖേന നടന്നു വരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന കേന്ദ്രങ്ങളിൽ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം,സൗകര്യങ്ങളുള്ള രജിസ്ട്രേഷൻ കൗണ്ടർ,ടോക്കൺ സിസ്റ്റം തുടങ്ങിയവയും,രോഗീ സൗഹൃദമാക്കുന്നതിനുള്ള സംവിധാനങ്ങളും,അധിക ചികിത്സാ സേവനങ്ങളും ലഭ്യമാക്കാനുള്ള സൗകര്യങ്ങളുമാണ് ഒരുക്കി വരുന്നത്. അംഗവൈകല്യമുള്ളവർക്ക് സഞ്ചരിക്കുന്നതിനു വേണ്ടി റാംപ്, പ്രാഥമിക വെയ്റ്റിംഗ് ഏരിയ, പ്രീ ചെക്ക് ഏരിയ, ദ്വിതല വെയ്റ്റിംഗ് ഏരിയ, സ്വകാര്യതയുള്ള കൺസൾട്ടേഷൻ റൂം,ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ |

| | | | |
|---|---|---|---|
| | | | റൂം, [illegible] റൂം, ഇമ്മ്യൂണൈസേഷൻ കോർണർ. എൻ.സി.ഡി. ശ്വാസ്/ആശ്വാസ് ക്ലിനിക്കുകൾക്കുള്ള സൗകര്യം. ഡോട്സ് കോർണർ, ലാബിന് വേണ്ടി വെയ്റ്റിംഗ് ഏരിയ. ലാബ് പ്രവർത്തന ഏരിയ. ഇമ്മ്യൂണൈസേഷൻ റൂം, ബ്രെസ്റ്റ് ഫീഡിംഗ് ഏരിയ,ആരോഗ്യ ബോധവൽക്കരണത്തിനുള്ള ടെലിവിഷൻ സംവിധാനങ്ങൾ, രോഗികൾക്കുള്ള ടോയ് ലെറ്റ്, സൈനേജ്, കുടിവെള്ള സംവിധാനം, പബ്ലിക് അഡ്രസ് സിസ്റ്റം, ഓഫീസ്, പബ്ലിക്ഹെൽത്ത് ഏരിയ, കോൺഫറൻസ് ഹാൾ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ഫയർ & സേഫ്റ്റി എക്യുപ്മെന്റ്സ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ